(ബി) യൂത്ത് ക്ലബ്ബ് രൂപീകരണത്തെക്കുറിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 818.

(ബി) ഉണ്ട്.

(സി) ചില പരാതികളിൻമേൽ അതാത് യൂത്ത് ക്ലബ് ഭാരവാഹികളുടെ തിരഞ്ഞെടുപ്പും മറ്റു ചിലവയിൽ ഭാവിപ്രവർത്തനങ്ങളും സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള പരാതികളിൻമേൽ അന്വേഷണങ്ങൾ നടത്തി വേണ്ട മേൽനടപടികൾ സ്വീകരിച്ചു വരുന്നു. അന്വേഷണത്തിൽ പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ട കേസുകളിൽ സർക്കാർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കം ചെയ്ത് പ്രവർത്തനങ്ങൾ തുടരുവാൻ ഗവൺമെൻറ് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

കടൽഭിത്തി കെട്ടുന്നതിനായി നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ

874 [254] ഡോ. എ. സുബ്ബറാവു:
ശ്രീ. കെ. പി. പ്രഭാകരൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ:
,, കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽഭിത്തി കെട്ടുന്നതിനായി ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ട എത്ര സ്ഥലങ്ങൾ ഉണ്ട്;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ കടൽഭിത്തി കെട്ടുന്നതിനുള്ള കാലതാമസം വിശദീകരിക്കാമോ;

(സി) ബഡ്ജറ് പ്രയോറിട്ടി അനുസരിച്ച് കടൽ ഭിത്തി നിർമ്മാണ ജോലികൾ ചെയ്തുതീർക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടൽഭിത്തി നിർമ്മിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിലായി ബഡ്ജറിൽ 305 പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പണത്തിന്റെ ലഭ്യത അനുസരിച്ച് വെള്ളപ്പൊക്ക സാങ്കേതിക ഉപദേശക സമിതിയുടെ അംഗീകാരവും ഭരണാനുമതിയും, സാങ്കേതിക അനുമതിയും നേടിയ ശേഷം മാത്രമേ പണി നടത്തുന്നതിന് കഴിയൂ.

(സി) നടപടി സ്വീകരിച്ചുവരുന്നു.

*അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly